## PRE-BOARD EXAMINATION – 2020-21
## SUBJECT – MALAYALAM 2L - STANDARD

**Class: X (CBSE)** **Total Marks: 80**
**Date: …………………….** **Time: 3 hours**

---

**General Instructions:**
- All Questions are compulsory.
- Marks are indicated against each question.
- Please check this question paper contains 12 printed pages only.

The Question paper devided in to two section;

Section A : READING COMPREHENSION : 40 Marks

Vocabulary Building & M.C.Q

Section B : GRAMMAR, Composition

Literature (prose , poetry & Non – detailed) : 40 Marks

## എ - വിഭാഗം

1. താഴെക്കൊടുത്തിരിക്കുന്ന പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (1X8=8)

അങ്കണ തൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കെ
അമ്മ തൻ നേത്രത്തിൽ നിന്നുതിർന്നു ചുടുകണ്ണീർ
നാലുമാസത്തിൻ മുൻപിൽ ഏറെനാൾ കൊതിച്ചിട്ടീ
ബാലമാകന്ദം പൂവിട്ടുണ്ണികൾ വിരിയവേ
അമ്മ തൻ മണിക്കുട്ടൻ പൂത്തിരി കത്തിച്ചപോൽ
അമ്മലർ ച്ചെണ്ടോന്നൊടിച്ചാഹ്ളാദിച്ചടുത്തെത്തി
ചൊടിച്ചൂ മാതാവപ്പോൾ ഉണ്ണികൾ വിരിഞ്ഞ-
പൂവിറുത്ത് കളഞ്ഞല്ലോ കുസൃതിക്കുരുന്നേ നീ
മാങ്കനി വീഴുന്നേരം ഓടിച്ചെന്നെടുക്കേണ്ടോൻ

പൂങ്കുല തല്ലുന്നത് തല്ലു കൊള്ളാഞ്ഞിട്ടല്ലേ
പൈതലിൻ ഭാവം മാറി വദനാംബുജം വാടി
കൈതവം കാണാക്കണ്ണ് കണ്ണുനീർ തടാകമായ്
മാമ്പഴം പെറുക്കുവാൻ ഞാൻ വരുന്നില്ലെന്നവൻ
മാൺപെഴും മലർക്കുലയെറിഞ്ഞു വെറും മണ്ണിൽ
വാക്കുകൾ കൂട്ടിച്ചൊല്ലാൻ വയ്യാത്ത കിടാങ്ങളെ
ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ നിങ്ങൾ
തുംഗമാം മീനച്ചൂടിൽ തൈമാവിൻ മരതക
കിങ്ങിണി സൗഗന്ധിക സ്വർണ്ണമായ് തീരും മുമ്പേ
മാങ്കനി വീഴാൻ കാത്തു നിൽക്കാതെ മാതാവിൻ
പൂങ്കുയിൽ കൂടും വിട്ട് പരലോകത്തെ പൂകി.

<u>ചോദ്യങ്ങൾ</u>

a) അമ്മയുടെ നേത്രത്തിൽ നിന്നും ചുടു കണ്ണീർ വന്നത് എപ്പോഴാണ്?

( മലർക്കല വിരിയാതിരുന്നപ്പോൾ , ആദ്യത്തെ പഴം വീണപ്പോൾ ,
കുട്ടി പരലോകത്തെ പൂകിയപ്പോൾ , മാങ്കനി വിരിഞ്ഞപ്പോൾ )

b) മാവ് എന്ന വാക്കിനു സമാനാർത്ഥകമായ ഏതു പദമാണ് ഇവിടെയുള്ളത്?

( മാങ്കനി , മാമ്പഴം , മാകന്ദം , മലർ )

c) ഉണ്ണികൾ വിരിഞ്ഞപ്പോൾ കുട്ടിക്ക് ഉണ്ടായ സന്തോഷത്തെ കവി

എന്തിനോടാണ് താരതമ്യപ്പെടുത്തിയിരിക്കുന്നത്?

( പൂത്തിരിയോട് , പൂങ്കുലയോട് , സൗഗന്ധികത്തോട് , മരതകത്തോട്)

d) അമ്മ എന്തിനാണ് മകനെ ചൊടിച്ചത്?

( മാവിൽ കല്ല് എറിയുന്നത് കണ്ടിട്ട് , പൂങ്കുല തല്ലുന്നത് കണ്ടിട്ട് ,
മലർക്കുല എറിഞ്ഞതിന് , പൂവിറുത്തു കളയുന്നത് കണ്ടിട്ട് )

e) പിതാവ് എന്ന പദത്തിന്റെ എതിർലിംഗം കവിതാഭാഗത്തു നിന്ന്

കണ്ടെത്തി എഴുതുക.

(അമ്മ , മാതാവ് , ജനനി , ഉണ്ണി )

f) അമ്മ ചൊടിച്ചപ്പോൾ കുട്ടിയുടെ ഭാവം എന്തായിരുന്നു?

( സന്തോഷം , സങ്കടം , ദേഷ്യം , സ്നേഹം )

g) നേത്രം എന്ന പദത്തിന്റെ പര്യായ പദം അല്ലാത്തത് ഏത്?

( മിഴി , കണ്ണ് , കണ്ണുനീർ , നയനം )

h) തുംഗമാം മീനച്ചൂടിൽ മാമ്പഴം എന്തായി മാറുന്നു എന്നാണ് കവി

പറയുന്നത്?

( സൗഗന്ധിക സ്വർണ്ണമാകുന്നു , മരതക കിങ്ങിണിയായി മാറുന്നു ,
ചുവക്കുന്നു , മാങ്ങ വിരിയുന്നു )

i) ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ നിങ്ങൾ.

ഇവിടെ ആരെയാണ് കവി ഉദ്ദേശിക്കുന്നത്?

( പൂങ്കുയിലിനെ, കുട്ടികളെ , അമ്മമാരെ , ദൈവത്തെ )

j) മലർ എന്നതിന്റെ നാനാർഥ പദം ഏത്?

( പൂവ്, സുമം , കുസുമം , പൊരി )

**2. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **(1X8= 8)**

**(ഏതെങ്കിലും എട്ടെണ്ണത്തിന്)**

**a)** നിവൃത്തി എന്നതിന്റെ വിപരീതപദം ഏത്?

( അനിവൃത്തി , പ്രവൃത്തി , വൃത്തി ,അനിവൃത്തി)

**b)** ആമ്പൽ - ഈ പദത്തിന്റെ പര്യായപദം എടുത്തെഴുതുക.

( ആജ്യം , കുമുദം , ഘൃതം , ക്രമുദം )

**c)** മഞ്ഞ് എന്ന പദത്തിന്റെ പര്യായപദം അല്ലാത്തത് ഏത്?

( ഹിമം , തുഷാരം , ഹേമം , നീഹാരം )

**d)** മതി എന്നതിന്റെ നാനാർത്ഥപദം എന്ത് ?

( ആഗ്രഹം , തൃപ്തി , ചന്ദ്രൻ , ബുദ്ധി )

**e)** സഖി - എന്ന പദത്തിന്റെ എതിർലിംഗം എന്താണ്?

( സഖാവി , സഖാവ് , സഖു , സഖിനി )

**f)** ദ്രോണരുടെ പുത്രൻ എന്നതിന്റെ ശരിയായ ഒറ്റപ്പദമേത് ?

( ദ്രോണി , ദ്രോണ പുത്രൻ , ദ്രൌണി , അശ്വത്ഥാമാവ് )

**g)** ഉദരം - ഉദാരം ഇവയുടെ അർത്ഥവ്യത്യാസം വ്യക്തമാക്കുക'

( വമ്പിച്ച , വയറ് , നല്ലത് , ശ്രേഷ്ഠം )

**h)** മാനം എന്നതിന്റെ നാനാർത്ഥപദമല്ലാത്തത് ഏത്?

( ആകാശം , അപമാനം , വാനം , അഭിമാനം )

**i)** മോക്ഷം എന്ന് അർഥം വരാത്ത പദം ഏത്?

( ക്രോധം , സ്വാതന്ത്ര്യം , മോചനം , മുക്തി )

**j)** തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണെന്ന് കണ്ടെത്തി എഴുതുക.

( ആഭിചാത്യം , ആഭിജാത്ത്യം , ആഭിജാത്യം , ആബിജാത്യം)

3. ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം തെരെഞ്ഞെടുത്തെഴുതുക. **(2X4=** 8)

ഏതെങ്കിലും നാലെണ്ണത്തിന് മാത്രം (ഓരോന്നിനും ഒരു മാർക്ക് വീതം)

**a)** "ഏകുമർത്ഥിയാം പ്രാണിതൻ

ഹിതമൊരിക്കലീശ്വരൻ"

**(i)** ഈ വാക്കുകളിൽ പരാമർശിക്കുന്ന നളിനിയുടെ ഹിതം എന്തായിരുന്നു?

( സന്യാസജീവിതം , ഗൃഹസ്ഥജീവിതം , മോക്ഷപ്രാപ്തി , ദിവാകരദർശനം )

**(ii)** ഇവിടെ അർഥി എന്ന് പറഞ്ഞിരിക്കുന്നത് ആരെ കുറിച്ചാണ്?

( ദിവാകരനെ , നളിനിയെ, , ഈശ്വരനെ , വിവേകികളെ )

**b)** വെള്ളിത്താലമെടുത്ത് നിരന്നു ലസിക്കുന്നു.

**(i)** ആരെ കുറിച്ചാണ് ഇവിടെ പറയുന്നത്?

( മുക്കുറ്റി , തുമ്പ , നെയ്യാമ്പൽ , മാവേലി )

**(ii)** ആരെ എതിരേൽക്കാനാണ് നിൽക്കുന്നത്?

( പുള്ളുവനെ , മഴയെ, മഹാബലിയെ , ഉഷസ്സിനെ )

**c)** "വഹ്നി സന്തപ്ത ലോഹസ്താംബു ബിന്ദുനാ

സന്നിഭം മർത്യജന്മം ക്ഷണഭംഗുരം."

**(i)** ക്ഷണഭംഗുരം എന്ന് പറഞ്ഞിരിക്കുന്നത് എന്തിനെയാണ് ?

( ലോഹത്തെ , മർത്യജന്മത്തെ , വെള്ളത്തുള്ളികളെ , ക്രോധത്തെ )

**(ii)** ആര് ആരെയാണ് ഇവിടെ ഉപദേശിക്കുന്നത്?

( ലക്ഷ്മണൻ ശ്രീരാമനെ , ശ്രീരാമൻ ലക്ഷ്മണനെ , ദശരഥൻ ലക്ഷ്മണനെ

ദശരഥൻ കൈകെയിയെ )

**d)** "ഒരച്ച് നോക്കാണ്ടെന്നെ പറയും , ഇത്ര ചെമ്പ്, ഇത്ര സ്വർണ്ണം !

**(i)** ആരുടെ കഴിവാണ് ഇവിടെ പരാമർശിക്കുന്നത്?

( ചാക്കുണ്ണിയുടെ, മത്തായിമാപ്പിളയുടെ, മരയ്ക്കാരുടെ,

ചാക്കോരു മാപ്പിളയുടെ )

**(ii)** പണയം" ഏതു സാഹിത്യ വിഭാഗത്തിൽപ്പെടുന്നു?

( നോവൽ , ചെറുകഥ , നാടകം , നിരൂപണം )

**e)** "ആർക്കുള്ളൂ എന്റെതിനേക്കാൾ നല്ല അവസാനം"

(i) ആരുടെ വാക്കുകളാണിത്?

( അശ്വത്ഥാമാവിന്റെ , ദുര്യോധനന്റെ , ധൃഷ്ടദ്യുമ്നന്റെ , കർണന്റെ )

(ii) ഭാരത യുദ്ധം നടന്നത് എവിടെ വെച്ചാണ്?

(കലിംഗയിൽ , ധർമ്മപുരിയിൽ , ആഗ്രയിൽ , കുരുക്ഷേത്രത്തിൽ )

f) "രണ്ടു വാക്കുകൾ മാത്രം ,രണ്ടു വാക്കുകൾക്കിടയ്ക്കു സാന്ത്വനത്തിന്റെ നിറവ്"

(i) ആരൊക്കെയാണ് ഈ സന്ദർഭത്തിലെ കഥാപാത്രങ്ങൾ

( വെള്ളായിയും മരയ്ക്കാരും , വെള്ളായിയും പാറാവുകാരനും,

വെള്ളായിയും നീലിയും , വെള്ളായിയും കണ്ടുണ്ണിയും )

(ii) എന്തായിരുന്നു ആ രണ്ടു വാക്കുകൾ

( വെള്ളായിയേ - മരയ്ക്കാരെ , വെള്ളായിയച്ചോ - നീലിയേ, എങ്ങോട്ടാണ്

രാവിലെ? - ജയിലിലേക്ക് , മകനേ നീ എന്ത് ചെയ്തു?

എനിക്കോർമ്മയില്ല അപ്പാ )

4. ബ്രായ്ക്കറ്റിൽ നിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. **(4X4=16)**

ഏതെങ്കിലും നാലെണ്ണത്തിന് മാത്രം (ഓരോന്നിനും ഓരോ മാർക്ക് വീതം)

a) "ഇന്നും പഴി പറഞ്ഞേക്കും, മടങ്ങാതെ വയ്യ, തലയ്ക്കകത്തെന്തോ പെരുകുന്നു"-

(i) ആര് ആരെയാണ് പഴി പറയുന്നത്?

(അമ്മ മകനെ, മകൻ അമ്മയെ , ഭാര്യ ഭർത്താവിനെ , നാട്ടുകാർ മകനെ )

(ii) എന്തിനാണ് പഴി പറയുന്നത് ?

( അമ്മയെ ചികിത്സിക്കാത്തതിന്, അമ്മയെ സ്നേഹിക്കാത്തതിന്,

അമ്മയെ ഉപേക്ഷിക്കാത്തതിന്, അമ്മയെ തിരികെ കൊണ്ടുപോകാത്തതിന് )

(iii) എവിടെ നിന്നാണ് മടങ്ങേണ്ടത്?

(ആശുപത്രിയിൽ നിന്ന് , മാളിൽ നിന്ന് , കോവിലിനു മുന്നിൽ നിന്ന്, തെരുവിൽ നിന്ന് )

**(iv)** ഈ വരികളിലെ ഭാവം എന്താണ്?

( തന്നെക്കുറിച്ചുള്ള അവജ്ഞ , ഭാര്യയോടുള്ള സ്നേഹം , ഭാര്യയോടുള്ള അവജ്ഞ , അമ്മയോടുള്ള സ്നേഹം )

**b)** "അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ."

**(i)** ആരുടേതാണീ വാക്കുകൾ?

( നളിനിയുടെ, അമ്മയുടെ , ദിവാകരന്റെ , ശ്രീനാരായണഗുരുവിന്റെ )

**(ii)** ഏതു കൃതിയിൽ നിന്നും എടുത്തതാണ് ഈ വരികൾ?

( ലീല , കരുണ , നളിനി , വീണപൂവ് )

**(iii)** ഇവിടെ വിവേകികൾ എന്താണ് ചെയ്യുന്നത്?

( മറ്റുള്ളവർക്ക് ഉപകാരപ്രദമായി ജീവിക്കുന്നു , മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നു , മറ്റുള്ളവരെ ദ്രോഹിക്കുന്നു , സ്വന്തം ജീവിതം ധന്യമാക്കുന്നു )

**(iv)** മഹാകാവ്യം എഴുതാതെ മഹാകവി എന്ന പേരിൽ അർഹനായ കവി ആര്?

( എഴുത്തച്ഛൻ , കുമാരനാശാൻ , റഫീഖ് അഹമ്മദ് , ഉള്ളൂർ )

**c)** "വത്സാ! സൗമിത്രേ! കുമാര! നീ കേൾക്കണം

മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ."

**(i)** ആര് പറയുന്നതാണീ വാക്കുകൾ?

( ശ്രീരാമൻ , ലക്ഷ്മണൻ , ദശരഥൻ , കൈകേയി )

**(ii)** എഴുത്തച്ഛൻ ജീവിച്ചിരുന്നത് ഏതു നൂറ്റാണ്ടിലാണ് ?

( പതിനഞ്ച് , പതിനാറ് , പതിനേഴ് , ഇരുപത് )

**(iii)** ഇവിടെ സൗമിത്രേ എന്ന് പരാമർശിക്കുന്നത് ആരെയാണ്?

( ശ്രീരാമനെ , ഭരതനെ , ലക്ഷ്മണനെ , സുമിത്രയെ )

**(iv)** ഇവിടെ തെളിയുന്ന വികാരം എന്ത്?

( ക്രോധം , വാത്സല്യം , സന്തോഷം , കരുണ )

**d)** "ഒരു റേഡിയോ വാങ്ങിക്കണം സുകോ. അയാൾ അഭിമാനത്തോടെ പറഞ്ഞു".

**(i)** ആരുടെതാണീ വാക്കുകൾ.

( ചാക്കുണ്ണിയുടെ , മത്തായി മാപ്പിളയുടെ, മരയ്ക്കാരുടെ , ചെമ്പു മത്തായിയുടെ )

**(ii)** അത് കേട്ടവരുടെ ഭാവം എന്തായിരുന്നു?

(ദേഷ്യം , പരിഹാസം , ആദരവ് , അസൂയ )

**(iii)** ആരാണ് സുകു?

(നാട്ടുകാരൻ , തയ്യൽക്കാരൻ , കണ്ടക്ടർ , കഥാകൃത്ത് )

**(iv)** കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നോവൽ അവാർഡിന് അർഹനായ കഥാകൃത്ത് ആരാണ്?

(ഓ.വി വിജയൻ , കുട്ടികൃഷ്ണമാരാർ, ഇ.സന്തോഷ്കുമാർ, റഫീക്ക് അഹമ്മദ്)

**e)** അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നത് പോലെ ഇരുന്നു.

**(i)** ഇവിടെ ആരെ കുറിച്ചാണ് പറയുന്നത്?

( കണ്ടുണ്ണിയേ , വെള്ളായിയപ്പനെ , പാറാവുകാരനെ , ഓണത്തപ്പൻ )

**(ii)** എവിടെയാണ് ഇരുന്നത്?

(ചവിട്ടടിപ്പാതയിൽ , ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ

പാടവരമ്പത്ത് , കടൽത്തീരത്ത് )

**(iii)** ഓ.വി.വിജയന്റേതല്ലാത്ത കൃതി ഏത്? '

(ധർമ്മപുരാണം , ഖസാക്കിന്റെ ഇതിഹാസം ,ഗുരുസാഗരം, മകരക്കൊയ്ത്ത് )

**(iv)** ഈ സന്ദർഭം ഉൾക്കൊള്ളുന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു?

(നോവൽ , ജീവചരിത്രം ചെറുകഥ , ആത്മകഥ )

## ബി -വിഭാഗം

**5. a) പ്രയോഗം മാറ്റുക** **(1x2=2)**

1. ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴുമെല്ലാം അയാൾ അജ്ഞാതമായൊരു പാട്ടിനു വേണ്ടി കാതോർത്തു.

2. വെള്ളായിയപ്പൻ ഒരു പാറാവുകാരനാൽ തടവറയുടെ ഉള്ളറകളിലേക്ക് കൂട്ടിക്കൊണ്ടു പോകപ്പെട്ടു.

**b)** അംഗവാക്യം, അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. **(1x1=1)**

1. നീങ്ങുന്ന തീവണ്ടി മുറിയിൽ നിന്നു പുറത്തേയ്ക്ക് നോക്കുംപോലെ അപരിചിതനായി കണ്ടുണ്ണി നിന്നു.

**c)** വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. **(1x2=2)**

1. അപരിചിതനെപ്പോലെയും പരിചയമില്ലത്തവനെപ്പോലെയും കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി.

2. ഇന്നു ഞാൻ സർവ്വ പാഞ്ചാലരെയും വാസുദേവൻ കാണെ തന്നെ

വധിച്ച് കാലന്നൂർ പൂകിക്കും.

**d)** വിധിവാക്യത്തെ നിഷേധവാക്യമാക്കുക. **(1x1=1)**

1. സ്വന്തം ജീവിതത്തിൽ നിന്നും ഒരു ഭാഗം തന്നെ പറിച്ചു മാറ്റുന്നതു പോലെ അയാൾക്ക് തോന്നി.

f) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. . **(1x2=2)**

i) ചിത്രങ്ങൾ ii) പൂരിതാഭ

g) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. **(1x1=1)**

i) വിദ്യാലയ മുറ്റം

h) ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.(ഏതെങ്കിലും ഒന്ന് മാത്രം ) **(1x1=1)**

i) ശ്രദ്ധാഞ്ജലി ii) പ്രതിജ്ഞ

**6.** ഒന്നരപ്പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക. **(3x5=15)**

ഓരോന്നിനും 5 മാർക്ക് വീതം .

a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക.

**(i)** ലോകജീവിതം - കോവിഡ് 19 ന് മുൻപും ശേഷവും

ii) അവയവദാനത്തിന്റെ പ്രസക്തി

iii) പ്രകൃതിയെ സ്നേഹിക്കാത്ത മനുഷ്യൻ

b) നഗരങ്ങളിൽ വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങളെയും ഗതാഗത ക്കുരുക്കിനെയും ഇല്ലാതാക്കണമെന്ന് ആവശ്യപ്പെട്ടു പോലീസ് ഐ .ജിക്ക് ഒരു കത്ത് തയ്യാറാക്കുക.

c) പ്ലാസ്റ്റിക് വസ്തുക്കളുടെ അമിതമായ ഉപയോഗം ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക.

7. താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക. (ഓരോന്നിനും 3 മാർക്ക് വീതം)

a) ഉത്തരമെഴുതുക (ഏതെങ്കിലും ഒരു ചോദ്യത്തിനു മാത്രം) **(3x1=3)**

(i) കഥാപാത്ര നിരൂപണം തയ്യാറാക്കുക . വെള്ളായിയപ്പൻ

(ii) ചാക്കുണ്ണിയുടെ റേഡിയോയെ ആറാട്ടുകുന്നിലെ ആളുകൾ സ്വീകരിച്ചതെങ്ങനെ? ആർക്കായിരുന്നു ആ റേഡിയോയെ ഭയം?

**b)** **<u>ഉത്തരമെഴുതുക.</u>** (ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം) **(3X2=6)**

(i) മലയാളദേശം ഓണത്തെ വരവേൽക്കാൻ ഒരുങ്ങുന്നത് എങ്ങനെയെന്നു ഓണമുറ്റത്ത് എന്ന കവിതയെ ആസ്പദമാക്കി വിവരിക്കുക.

(ii) "പെറ്റുകിടക്കും തെരുവു പട്ടിക്കെന്തൊ–
രൂറ്റം കുരച്ചത് ചാടിക്കുതിക്കുന്നു"
കാവ്യസന്ദർഭത്തിന് ഈ വരികൾ എങ്ങനെ മാറ്റു കൂട്ടുന്നു? വിശദീകരിക്കുക.

(iii) ക്രോധമല്ലോ നിജധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം
സന്ദർഭവും ആശയവും വിവരിക്കുക.

**8.** <u>ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.</u> **( 3x2= 6)**

(i) ജന്മം കൊണ്ടല്ല കർമ്മം കൊണ്ടാണ് ബ്രാഹ്മണ്യം സിദ്ധിക്കുന്നത് എന്ന ആശയം ചട്ടമ്പി സ്വാമികളുടെ ജീവിതാനുഭവങ്ങളെ അടിസ്ഥാനമാക്കി വിവരിക്കുക.

(ii) ശ്രീ നാരായണഗുരുവും ചട്ടമ്പിസ്വാമികളും കണ്ടുമുട്ടിയത് എങ്ങനെ? അവരുടെ ബന്ധം വളർന്നത് എങ്ങനെയെന്നു വിശദീകരിക്കുക.

(iii) കുഞ്ഞൻപിള്ളയ്ക്ക് ബാലാഹവൻ എന്ന പേര് കിട്ടിയത്

എങ്ങനെ എന്ന് വിശദമാക്കുക.